(സി) കോഴിക്കോട് താലൂക്ക് വിഭജിക്കുന്നതിനെ സംബന്ധിച്ച് ഗവൺമെൻറിന് റിപ്പോർട്ട് കിട്ടിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിലെ നിർദ്ദേശങ്ങൾ വെളിപ്പെടുത്താമോ;

(ഇ) കോഴിക്കോട് താലൂക്കിലെ കൊടുവൂർ, കോടഞ്ചേരി, കൊടിയത്തൂർ, എന്നീ വില്ലേജുകളുടെ വിസ്തൃതി കണക്കിലെടുത്ത് ആ വില്ലേജുകൾ വിഭജിക്കാൻ ദയവുണ്ടാകുമോ?

ഉത്തരം

(എ) കോഴിക്കോട് താലൂക്ക്. ജനസംഖ്യ (1981-ലെ കാനേഷുമാരി പ്രകാരം) 11,73,499.

(ബി) കോതമംഗലം താലൂക്ക്. ജനസംഖ്യ 1,64,735.

(സി, ഡി) സംസ്ഥാനത്തെ താലൂക്കുകൾ പൊതുവായി പുനഃസംഘടിപ്പിക്കുന്നത് സംബന്ധിച്ച താൽക്കാലിക നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ട്. അത് പരിശോധിച്ചുവരുന്നു. തീരുമാനമെടുത്തിട്ടില്ല.

(ഇ) ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ പരിശോധിച്ചു വരുന്നു.

സഹകാര്യവനഭൂമി കൈവശക്കാരായ മലയോര കർഷകർക്ക് പട്ടയം

(940) ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാറിലെ സഹകാര്യവനഭൂമിയായിരുന്നതും ഇപ്പോൾ ഗവൺമെൻറിൻെറ കൈവശം ഇരിക്കുന്നതുമായ ഭൂമിയിലെ കൈവശക്കാരായ മലയോര കർഷകർക്ക് പ്രസ്തുത ഭൂമി പതിച്ചുകൊടുക്കാൻ ഗവൺമെൻറ് ആലോചിക്കുന്നുണ്ടോ;

(ബി) 1-1-76-ന് മുൻപ് ഈ ഭൂമിയിൽ കൈവശാവകാശമുള്ളവർക്കെങ്കിലും പട്ടയം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1964-ലെ 'കേരള പ്രൈവറ്റ് ഫോറസ്റ്റ് വെസ്റ്റിംഗ് ആൻറ് ലാൻറ് അസൈൻമെൻറ്' ചട്ടപ്രകാരം സഹകാര്യ വനഭൂമി പതിച്ചുകൊടുക്കാൻ വ്യവസ്ഥകളുണ്ട്. എന്നാലും 1980-ലെ കേന്ദ്ര വന സംരക്ഷണ നിയമപ്രകാരം വനേതരാവശ്യങ്ങൾക്ക് വനഭൂമി കൈമാറുന്നത് നിരോധിച്ചിരിക്കുകയാണ്.

(ബി) ഈ പ്രശ്നം ഗവൺമെൻറ് പ്രത്യേകം പരിഗണിച്ചുകൊണ്ടിരിക്കുകയാണ്.

നിക്ഷിപ്ത വനഭൂമി കൈവശക്കാർക്ക് പട്ടയ വിതരണം

(941) ശ്രീ. കെ. വി. കണ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലബാറിലെ നിക്ഷിപ്ത വനഭൂമികളിലെ കൈവശ കൃഷിക്കാർക്കും 1977 ജനുവരി 1 മുതലുള്ള മുൻകാല പ്രാബല്യത്തോടെ പട്ടയവിതരണം നടത്താനാണോ ഗവൺമെൻറ് തീരുമാനമെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly